# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **550** | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നഷ്ടപരിഹാര വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോംപൻസേഷൻ ഇൻകം പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തികവർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| **മാസം** | **കോമ്പൻസേഷൻ** |
|---|---|
| ജൂലൈ- ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ- ഒക്ടോബർ | 395.00 കോടി |
| നവംബർ- ഡിസംബർ | 713.00 കോടി |
| ജനുവരി- ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം നികുതി ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | മുൻകാലങ്ങളിലെ വാർഷിക നികുതിവർദ്ധനവ് നിരക്ക് പരിഗണിക്കുമ്പോൾ ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടത്തിന് വാർഷിക വർദ്ധനവ് 14% നിരക്കിൽ കോമ്പൻസേഷൻ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസം വരെയുള്ള കോമ്പൻസേഷൻ ഇതിനകം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല. എന്നാൽ നാം പ്രതീക്ഷിച്ച നികുതി വരുമാന വർദ്ധനവ് ജി.എസ്.ടി മൂലം ഉണ്ടായിട്ടില്ല. ജി.എസ്.ടി നടത്തിപ്പിന്റെ കാര്യക്ഷമത ഉയരുന്നതോടെ പ്രതീക്ഷിച്ച നിരക്കിലേക്ക് നികുതി വരുമാന വർദ്ധനവ് എത്തുമെന്നുതന്നെയാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**